# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *152** **07.03.2018-ൽ മറുപടിക്ക്**

## രാഷ്ട്രീയകൊലപാതകങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പി. അനിൽ കുമാർ<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. എം. വിൻസെന്റ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കണ്ണൂർ ജില്ലയിൽ പോലീസിന് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനും കേസുകളിൽ അന്വേഷണം നടത്തുന്നതിനും സാധിക്കാത്ത സ്ഥിതിവിശേഷം സംജാതമായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പ്രമുഖ രാഷ്ട്രീയ കക്ഷികളുടെ പ്രവർത്തകർ തമ്മിൽ നടക്കുന്ന സംഘർഷങ്ങളും കൊലപാതകങ്ങളും നിയന്ത്രിക്കുന്നതിന് പോലീസിന് കഴിയുന്നില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ നാട്ടിലെ ക്രമസമാധാനനിലയെ ഇത് എപ്രകാരം ബാധിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) പ്രമുഖ രാഷ്ട്രീയ കക്ഷികളുടെ പ്രവർത്തകർ തമ്മിൽ നടക്കുന്ന സംഘർഷങ്ങളും കൊലപാതകങ്ങളും നിയന്ത്രിക്കുന്നതിന് പോലീസിന് കഴിഞ്ഞിട്ടുണ്ട്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കണ്ണൂരിൽ എത്ര രാഷ്ട്രീയകൊലപാതകങ്ങൾ നടന്നുവെന്ന് അറിയിക്കുമോ; അതിൽ പ്രതിസ്ഥാനത്തുള്ളത് ഏതൊക്കെ രാഷ്ട്രീയ കക്ഷിയിൽ | (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കണ്ണൂരിൽ ഒൻപത് രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. ഇതിൽ ബി.ജെ.പി , സി.പി.ഐ. (എം), എസ്.ഡി.പി.ഐ. എന്നീ രാഷ്ട്രീയ |

| | |
|---|---|
| പ്പെട്ടവരാണെന്ന് വ്യക്തമാക്കുമോ; | കക്ഷികളുടെ പ്രവർത്തകർ പ്രതിപട്ടികയിലുണ്ട്. |
| (ഡി) ബോംബെറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്ന കേസുകളിൽ യു.എ.പി.എ. ചുമത്താമെന്ന് പ്രസ്തുത നിയമത്തിന്റെ 15-ാം വകുപ്പിൽ അനുശാസിക്കുന്നുണ്ടോ; | (ഡി) ഇന്ത്യാ മഹാരാജ്യത്തിന്റെ പരാമാധികാരത്തിനും സുരക്ഷയ്ക്കും, ഒത്തൊരുമയ്ക്കും, ജനങ്ങൾക്ക് ഭീഷണി ഉയർത്തണമെന്നുള്ള ഉദ്ദേശ്യത്തോടെയോ, തീവ്രവാദ പ്രവർത്തനങ്ങൾക്കും മറ്റുമായോ ബോംബോ, സ്ഫോടക വസ്തുക്കളോ ഉപയോഗിക്കുകയാണെങ്കിൽ യു.എ.പി.എ ആക്ട് 1967-ലെ 15-ാം വകുപ്പ് ചുമത്താവുന്നതാണ്. |
| (ഇ) എങ്കിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകൻ എടയന്നൂർ ഷുഹൈബിനെ കൊലചെയ്യുന്നതിന് മുമ്പ് ബോംബെറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിച്ച പ്രതികൾക്കെതിരെ യു.എ.പി.എ. ചുമത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ഇ) ഇതുവരെ നടത്തിയ അന്വേഷണത്തിൽ ഈ കേസ്സിൽ യു.എ.പി.എ അനുശാസിക്കുന്ന വ്യവസ്ഥ പ്രകാരം കുറ്റം ചുമത്താൻ ആവശ്യമായ തെളിവുകൾ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ